

# വള്ളിവട്ടം സെന്റ് ജോസഫ് ഇടവക

വള്ളിവട്ടം, അമരിപ്പാടം, പൈങ്ങോട്, ചിരട്ടക്കുന്ന് എന്നീ പ്രദേശങ്ങളിലെ വിശ്വാസികൾ കല്പറമ്പ് സെന്റ് മേരീസ് ദേവാലയത്തിലാണ് ആത്മീയ ആവശ്യങ്ങൾക്കുവേണ്ടി പോയിരുന്നത്. ക്രമേണ പ്ലാക്കൽ എരുമക്കാട്ടുപറമ്പിൽ കുഞ്ഞുവറീത് അന്തോണി, പ്ലാക്കൽ എരുമക്കാട്ടുപറമ്പിൽ കുഞ്ഞുവറീത് കുഞ്ഞുവാറു, പ്ലാക്കൽ എരുമക്കാട്ടുപറമ്പിൽ കൊച്ചുവാറു പൗലോസ്, മാളിയേക്കൽ അന്തോണി തോമൻ എന്നിവരുടെ ശ്രമഫലമായി 8 സെന്റ് സ്ഥലത്ത് ഒരു ഓലഷെഡ്ഡ് ഉണ്ടാക്കി വിശുദ്ധ യൗസേപ്പിതാവിന്റെ രൂപംവച്ച് പ്രാർത്ഥന നടത്തി തുടങ്ങി. പിന്നീട് കാളിയങ്കര ചേലക്കാട്ടുപറമ്പിൽ ഔസേപ്പ് പൗലോസ്, പ്ലാക്കൽ എരുമക്കാട്ടുപറമ്പിൽ കുഞ്ഞുവറീത് കുഞ്ഞുവാറു എന്നിവരുടെ ശ്രമഫലമായി അത് പള്ളിയാക്കി തിരുനാളുകൾക്ക് ലദീഞ്ഞ് നടത്താൻ തുടങ്ങി. എന്നാൽ കുർബാന കാണുന്നതിനായി കല്പറമ്പ് പള്ളിയിലേക്ക് പോകേണ്ടിയിരുന്നു.

## കുരിശുപള്ളി

1971-ൽ കല്പറമ്പ് പള്ളി വികാരിയായിരുന്ന റവ. ഫാ. ജോൺ പ്ലാശ്ശേരി അച്ചനെ സമീപിച്ച് 52 വീട്ടുകാർ താമസിക്കുന്ന ഈ പ്രദേശത്തുള്ള കുരിശുപള്ളിയിൽ ഞായറാഴ്ചകളിൽ കുർബാന അർപ്പിക്കുവാനുള്ള സൗകര്യത്തിനായി അപേക്ഷ നല്കി. 1971 മെയ് 16-ന് കല്പറമ്പ് പള്ളിയോഗം ഇക്കാര്യം പരിഗണിക്കുകയും അഭിവന്ദ്യ ജോസഫ് കുണ്ടുകുളം പിതാവിന്റെ പക്കൽ അപേക്ഷ സമർപ്പിക്കുകയുമുണ്ടായി. ഇതിനിടയിൽ 10 സെന്റ് സ്ഥലം കൂടി വാങ്ങി. 1971 മെയ് 31-ാം നു അഭിവന്ദ്യ മാർ ജോസഫ് കുണ്ടുകുളം പിതാവ് കുരിശുപള്ളിയുടെ വെഞ്ചിരിപ്പുകർമ്മം നടത്തി ആദ്യമായി ദിവ്യബലി അർപ്പിച്ചു. തുടർന്ന് വിശുദ്ധ യൗസേപ്പിതാവിന്റെയും പരിശുദ്ധ മാതാവിന്റെയും വണക്കമാസ തിരുനാൾ കൊണ്ടാടുകയും ചെയ്തു.

ഓരോ ആഴ്ചയിലും വീടൊന്നുക്ക് 25 പൈസ വീതം 52 വീട്ടുകാരിൽനിന്ന് വീതപ്പണമായി പിരിച്ചാണ് നിത്യനിദാനചെലവുകൾ നടത്തിയിരുന്നത്. ബഹു. പ്ലാശ്ശേരിയച്ചനുശേഷം ബഹു. ആന്റണി അക്കരക്കാരനച്ചൻ വികാരിയായി. ഇവടത്തെ ആത്മീയകാര്യങ്ങൾ ബഹു. അസ്തേന്തിയച്ചൻമാരുടെ നേതൃ

ത്വത്തിലാണ് സാധാരണയായി നടന്നിരുന്നത്. 1974 ജനുവരിയിൽ വന്ന റവ. ഫാ. ജോസഫ് അറാശ്ശേരി യുടെ ശ്രമഫലമായി കുർബാന നടത്തേണ്ട ആവശ്യത്തി ലേക്ക് പൂമംഗലം വില്ലേജിലെ കുറ്റിപ്പാട്ട് പറമ്പ് 5000 രൂപയ്ക്ക് വെള്ളാങ്കല്ലൂർ കുരിശുപള്ളിയിൽനിന്ന് തീറ് വാങ്ങാനുള്ള കല്പനയുണ്ടായി (നമ്പർ 522/74). 1975 വരെ കല്പറമ്പ് പള്ളിയിൽ നിന്ന് വൈദികർ വന്നാണ് കുർബാന നടത്തിയിരുന്നത്.

1975 ഫെബ്രുവരി മുതൽ അരിപ്പാലം പള്ളിയിൽ നിന്ന് റവ. ഫാ. സെബാസ്റ്റ്യൻ ഈഴേക്കാടൻ ആയി രുന്നു കുർബാനയ്ക്ക് വന്നിരുന്നത്. 1976-ൽ കുറ്റിപ്പാട്ട് പറമ്പ്, കല്പനപ്രകാരം തീറുവാങ്ങുകയുണ്ടായി. റവ. ഫാ. ജോൺ എടാട്ടുകാരൻ വികാരിയായിരിക്കവെ 1979-ൽ സിമിത്തേരിയ്ക്ക് അനുവാദം കിട്ടിയെങ്കിലും കുരിശുപള്ളിയോട് ചേർന്ന് സിമിത്തേരി പണിയുവാൻ അയൽവാസികൾ സമ്മതിക്കാത്തതുമൂലം ആ പരിശ്രമം ഉപേക്ഷിക്കുകയുണ്ടായി. 1981 ജനുവരി മാസത്തിൽ വന്ന റവ. ഫാ. പോൾ സി. അമ്പൂക്കന്റെ ശ്രമഫല മായി ചേലക്കാട്ടുപറമ്പിൽ തോമസ് മകൻ ലൂവിസ് അവർകൾ 50 സെന്റ് ഭൂമി വാങ്ങി സൗജന്യമായി സിമിത്തേരിക്കുവേണ്ടി കൊടുക്കുകയും പലരുടേയും ശ്രമഫലമായി സിമിത്തേരി പണികഴിപ്പിക്കുകയും ചെയ്തു.

## ഇടവക

6.6.82-ൽ ചേർന്ന യോഗനിശ്ചയപ്രകാരം വള്ളിവട്ടം കുരിശുപള്ളി ഇടവകപള്ളിയായി ഉയർത്തു ന്നതിനുവേണ്ടി അപേക്ഷ നല്കിയതിന്റെ അടിസ്ഥാ നത്തിൽ 1982 ആഗസ്റ്റ് മാസം 15-ന് മാതാവിന്റെ



സെന്റ് ജോസഫ്സ് കപ്പേള



സെന്റ് ആന്റണീസ് കപ്പേള

സ്വർഗ്ഗാരോപണ തിരുനാളിനോടനുബന്ധിച്ച് നിശ്ചിത അതിർത്തികളോടുകൂടി ഇടവക പ്രഖ്യാപനവും സിമി ത്തേരി വെഞ്ചിരിപ്പും അഭിവന്ദ്യപിതാവ് മാർ ജെയിംസ് പഴയാറ്റിൽ നിർവ്വഹിക്കുകയുണ്ടായി. റവ. ഫാ. പോൾ സി. അമ്പൂക്കനായിരുന്നു പ്രഥമ വികാരി.

ചേലക്കാട്ടുപറമ്പിൽ ഫാമിലി ട്രസ്റ്റ് വക 3 സെന്റ് സ്ഥലത്ത് ഉണ്ടായിരുന്ന കപ്പേള 1983-ൽ പുതുക്കി പണിത് പള്ളിക്ക് വിട്ടുകൊടുക്കുകയും, 1983 ഫെബ്രു വരി 12-ാം നു പ്രസ്തുത സെന്റ് ആന്റണീസ് കപ്പേള യുടെ വെഞ്ചിരിപ്പ് കർമ്മം അഭിവന്ദ്യ മാർ ജെയിംസ് പഴയാറ്റിൽ പിതാവ് നിർവ്വഹിക്കുകയും ചെയ്തു.

## പുതിയ പള്ളി

റവ. ഫാ. ജോൺ അരിക്കാട്ടിന്റെ അദ്ധ്യക്ഷ തയിൽ 23.9.84-ൽ ചേർന്ന യോഗതീരുമാനപ്രകാരം സിമിത്തേരിയുടെ അടുത്ത് പള്ളി പണിയുവാൻ തീരുമാനിക്കുകയും ഇടവകക്കാർക്കെല്ലാം വീതപ്പണം നിശ്ചയിക്കുകയും ചെയ്തു. 1985 മെയ് മാസത്തിൽ അഭിവന്ദ്യപിതാവ് മാർ ജെയിംസ് പഴയാറ്റിൽ പുതിയ പള്ളിയ്ക്ക് കല്ലിടൽ കർമ്മം നടത്തി. പിന്നീട് വന്ന ബഹു. ആന്റോ തച്ചിലച്ചനാണ് പള്ളിപണി പൂർത്തീക രിച്ചത്. 1988 ഫെബ്രുവരി 5-ാം തിയ്യതി പുതിയ പള്ളി യുടെ ആശീർവ്വാദകർമ്മം അഭിവന്ദ്യപിതാവ് മാർ ജെയിംസ് പഴയാറ്റിൽ നിർവ്വഹിച്ചു. 24.7.1988-ൽ ബഹു. വികാരിയച്ചന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിന്റെ നിശ്ചയപ്രകാരം പഴയ പള്ളി പൊളിച്ച് വിശുദ്ധ യൗസേപ്പിതാവിന്റെ കപ്പേളയാക്കിമാറ്റി.

1989 ജൂലായ് മുതൽ വികാരിയായിരുന്ന റവ. ഫാ. തോമസ് കൂട്ടാലയാണ് ഈ ഇടവകയിൽ സെന്റ് ആന്റ ണീസ്, സെന്റ് ജോസഫ്സ്, സെന്റ് മേരീസ് എന്നീ 3 കുടുംബയൂണിറ്റുകൾ സ്ഥാപിച്ചത്. കല്പറമ്പ്, അരി പ്പാലം, വെള്ളാങ്കല്ലൂർ എന്നീ പള്ളികളിലെ വികാ രിയച്ചന്മാരാണ് ഇവിടെയും വികാരിയായിട്ടുള്ളത്. ഇപ്പോഴത്തെ വികാരി ബഹു. ജാജു എളംകുന്ന പുഴയച്ചന്റെ നേതൃത്വത്തിൽ പള്ളിയുടെ നവീകരണ പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്നു.